# മാർ ഗബ്രിയേലിന്റെ യഥാർത്ഥ ചരിത്രം എന്ത്?

Hymonutho
OUR ONE TRUE FAITH

Dr. Sarah Knight



മാർ ഗബ്രിയേലിന്റെ ഛായാചിത്രം

1. 1705 ൽ കേരളത്തിൽ വരികയും 25 വർഷം താമസിക്കുകയും ചെയ്ത മാർ ഗബ്രിയേൽ എന്ന മേൽപ്പട്ടക്കാരനെ പറ്റി ഈയിടെ മാധ്യമങ്ങളിൽ വന്ന ലേഖനങ്ങളിൽ അനേകം അസത്യങ്ങളും അർദ്ധസത്യങ്ങളും പെരുപ്പിച്ചുകാണിക്കലും ഉണ്ടെന്നുള്ളത് പറയാതെയിരിക്കുവാൻ നിവൃത്തിയില്ല. യഥാർത്ഥ വസ്തുതകൾ താഴെക്കൊടുക്കുന്നു.

2. മാർ ഗബ്രിയേൽ നിനവേക്കാരനും നെസ്തോറിയ അഥവാ കിഴക്കിന്റെ സഭ (Church of the East) യിൽപ്പെട്ടവനും ആ സഭയുടെ തലവനായ കാതോലിക്കോസ്- പേട്രിയാർക്ക് ഏലിയായാൽ അയയ്ക്കപ്പെട്ടവനും ആയിരുന്നു എന്നത് ശരിതന്നെ. പക്ഷെ, നെസ്റ്റോറിയ സഭ എന്തായിരുന്നുവെന്നോ, അദ്ദേഹം കേരളത്തിൽ എന്തിനു വന്നുവെന്നോ, എന്ത് പ്രവർത്തികൾ ചെയ്തുവെന്നോ, എന്ത് നേടിയെന്നോ, അന്നത്തെ ക്രിസ്ത്യാനികളുടെ സാമൂഹ്യസ്ഥിതി എന്തായിരുന്നുവെന്നോ, ഒന്നും കണക്കിലെടുക്കാതെ ഇപ്രകാരമുള്ള ചരിത്രം എഴുതലുകൾക്ക് അർഥം വരുന്നില്ല.

3. ക്രിസ്തുവർഷം ആദ്യത്തെ 4 നൂറ്റാണ്ട് കാലത്ത് കിഴക്കിന്റെ സഭ അന്ത്യോഖ്യ പാത്രിയർക്കീസിന് വിധേയമായിരുന്നു. (AD 325 ൽ നിഖ്യാ സുന്നഹദോസ് കൂടിയാണ് ഈ വിധേയത്വം തുടങ്ങിയത് എന്ന വാദം ശരിയല്ല. നിഖ്യാ കാനോൻ 6 കാണുക.) AD 420 ൽ നെസ്തോറിയോസ് എന്ന സഭാമേലധ്യക്ഷൻ, മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിന് രണ്ട് ആളത്വവും രണ്ട് സ്വഭാവവും (Two persons and two natures) എന്ന വേദശാസ്ത്രം പഠിപ്പിക്കുവാൻ തുടങ്ങി. AD 431 ൽ എഫേസോസിൽ വച്ച്കൂടിയ സുന്നഹദോസ് ഇത് പൂർണമായും വേദവിപരീതവും പാഷാണ്ഡതയും എന്ന് മുദ്രകുത്തി നെസ്തോറിയോസിനെ സ്ഥാനഭ്രഷ്ടനാക്കി നാടുകടത്തുകയും ചെയ്തു. AD 451 ൽ കൂടിയ കൽക്കദോന്യ സുന്നഹദോസും ഇരുസ്വഭാവം എന്ന വേദശാസ്ത്രം തള്ളിക്കളഞ്ഞു.

പക്ഷെ, നെസ്തോറിയോസിന്റെ അനുഭാവികൾ ഈ വിശ്വാസം പഠിപ്പിക്കുന്നത് തുടരുകയും റോമാ സാമ്രാജ്യ പരിധിക്കുള്ളിൽ അതിനു ശിക്ഷിക്കപ്പെടുമെന്നുള്ളതിനാൽ പേർഷ്യയിലേക്കു മാറുകയും ചെയ്തു. കിഴക്കിന്റെ സഭയുടെ ആസ്ഥാനമായ സെലൂക്യയിൽ ഇവർ സങ്കേതപ്പെട്ട് അവിടുത്തെ ഭരണം കയ്യടക്കിയ നേതാക്കന്മാർ 485 – 86 – ഓടുകൂടി പൂർണമായും അന്ത്യോഖ്യയിൽ നിന്നും വേർപ്പെടുകയും സ്വാതന്ത്ര്യസഭയാകുകയും ചെയ്തു.

4. പേർഷ്യൻ- റോമൻ സാമ്രാജ്യങ്ങൾ തമ്മിലുണ്ടായിരുന്ന തുടർച്ചയായുള്ള യുദ്ധങ്ങളുടെയും ശത്രുതയുടെയും പശ്ചാത്തലത്തിൽ

തങ്ങളുടെ നിലനിൽപ്പിനെ താങ്ങുന്നതിനായി കിഴക്കിന്റെ സഭ സ്വയം ഒരു പേർഷ്യൻ സഭയാണെന്ന് പ്രഖ്യാപിക്കുകയും രാജപ്രീതിയും ആനുകൂല്യങ്ങളും നേടുകയും ചെയ്തു. എങ്കിലും അന്ത്യോഖ്യാബന്ധം മൂലം ലഭിച്ചിരുന്ന സുറിയാനിഭാഷയും ആ ഭാഷയിലെ കൗദാശിക പാരമ്പര്യങ്ങളും ആരാധനാ രീതികളും മറ്റും ഏറെക്കുറെ നിലനിർത്തുകയും ചെയ്തു. അവസരം കിട്ടുമ്പോഴൊക്കെ അധികാരികളോട് കള്ളസാക്ഷ്യം പറഞ്ഞ് സുറിയാനിക്കാരെ തെക്കൻ മെസപ്പൊട്ടാമിയ പ്രദേശത്ത് ക്രൂരമായി പീഢിപ്പിക്കുകയും ചെയ്തു. ഇതുമൂലം 5 ,6 നൂറ്റാണ്ടുകളിൽ ഈ പ്രദേശത്ത് സുറിയാനി നെസ്തോറിയ സഭകൾ തമ്മിലുള്ള ബന്ധം വളരെ മോശമായി തീർന്നു.

5. പക്ഷെ 7)ം നൂറ്റാണ്ടിൽ ഇസ്ലാംമതത്തിന്റെകൊടുങ്കാറ്റു പോലെയുള്ള വരവും 8)ം നൂറ്റാണ്ടിൽ അവരുടെ അബാസിഡ് കാലിഫേറ്റ് പേർഷ്യ കീഴടക്കലും ഉണ്ടായതോട് കൂടി ഇരുസഭക്കാരും ഒരുപോലെ പീഡകൾക്കും പാത്രമായി. അതിനാൽ ശത്രുത അവസാനിപ്പിച്ച് രണ്ടു സഭക്കാരും അന്യോന്യം ബഹുമാനാദരവോടുകൂടി വർത്തിക്കുവാൻ തുടങ്ങി. പക്ഷെ ഇരുകൂട്ടരും തങ്ങളുടെ വേദശാസ്ത്രപരമായ അടിഞ്ഞറയിൽ നിന്ന് അണുവിട വ്യതിചലിക്കുകയോ ഇളവുചെയ്തു കൊടുക്കുകയോ ചെയ്യാതെ തന്നെയാണ് ഈ സാഹോദര്യം നിലനിർത്തിയത്.

Hymnodo OUR ONE TRUE FAITH

6. നെസ്തോറിയരുടെ പ്രകടമായ ചിഹ്നങ്ങളിൽ ചിലത്.

- അവർ വിശുദ്ധ ദൈവമാതാവായ കന്യകമറിയാമിനെ ക്രിസ്തു എന്ന മനുഷ്യാജന്മം എടുത്ത മനുഷ്യവ്യക്തിയുടെ അമ്മയായി മാത്രം കണക്കാക്കി ക്രിസ്തുമാതാവ് എന്ന് അഭിസംബോധന ചെയ്യുന്നു.

-നോമ്പ്കാലങ്ങൾ സുറിയാനിസഭയിൽ നിന്നും വ്യത്യാസമാണ്.

- കൗമായിലെ ത്രിത്വസ്തുതി വ്യത്യാസമാണ്. അതായത് ഞങ്ങൾക്കുവേണ്ടി കുരിശിൽ തൂക്കപ്പെട്ടവനെ എന്ന ഭാഗം അവർക്കില്ല.

7. മാർ ഗബ്രിയേൽ എന്തിനു കേരളത്തിൽ വന്നു?

പൗരസ്ത്യസഭയുടെ സ്വാധീനം നാമമാത്രമായി എന്ന അവസ്ഥയ്ക്ക് മാറ്റം വരുത്തുവാനും പറങ്കിബന്ധനത്തിൽ നിന്നും

മോചിതരായവരെ നയിക്കുവാനുമാണ് മാർ ഗബ്രിയേൽ കേരളത്തിൽ വന്നതെന്ന പ്രസ്താവന പാടെ അടിസ്ഥാനരഹിതമാണ്. കാരണം പോർച്ചുഗീസ് ഭരണകാലത്ത്, 1550 മുതൽ 1598 വരെയുള്ള കാലഘട്ടത്തിൽ 3 മെത്രാന്മാർ കിഴക്കിന്റെ സഭയിൽ നിന്നും കേരളത്തിൽ എത്തിയിരുന്നു. അവരിൽ മാർ അബ്രഹാം പൂർണ നെസ് തോറിയനും, മാർ ജോസഫ് സുലാക്ക, മാർ ശെമവൂൻ എന്നിവർ, നെസ്തോറിയ സഭയിൽ നിന്നും വിഘടിച്ചു റോമാ സഭയോട് ചേരുകയും 'കൽദായ സുറിയാനി സഭ' എന്ന് മാർപ്പാപ്പായാൽ നാമകരണം ചെയ്യപ്പെടുകയും ചെയ്ത സഭയിലെ അംഗങ്ങളായിരുന്നു. കൽദായ സുറിയാനി സഭ റോമാവിധേയത്വം പ്രഖ്യാപിച്ചത് 1553 ൽ ആയിരുന്നു. ഇപ്രകാരം പ്രഖ്യാപനം ഉണ്ടായെങ്കിലും ഇവർ രണ്ടുപേരും ഉള്ളാലെ നെസ്തോറിയ വിശ്വാസം കൈവെടിഞ്ഞിരുന്നില്ല. പക്ഷെ മാർപ്പാപ്പയുടെ കത്തുകളോട് കൂടി വന്നതിനാൽ കേരളത്തിൽ കയറിപറ്റി. (പോർച്ചുഗീസ്കാർ, സുറിയാനി മെത്രാപ്പോലീത്തന്മാർ കേരളത്തിൽ കാലുകുത്തുവാൻ ഇടയാകാത്ത വിധത്തിൽ കാവലുകൾ ഏർപ്പെടുത്തിയിരുന്ന കാലമായിരുന്നു അത്.) അവരുടെ ആത്മാർത്ഥതയില്ലായ്മ മനസ്സിലാക്കിയ പോർച്ചുഗീസ്കാരായ റോമാ മതമേധാവികൾ രണ്ടുപേരെയും ചോദ്യംചെയ്യപ്പെടുന്നതിനുവേണ്ടി റോമായിലേക്കും ലിസ്ബണിലെക്കും നാടുകടത്തുകയും അവർ അവിടെ മരിക്കുകയും ചെയ്തു. കേരളത്തിൽ അധികനാൾ തങ്ങുവാൻ അവർക്കു സാധിച്ചില്ല. മാർ അബ്രഹാം മെത്രാപ്പോലീത്തയും, മാർപ്പാപ്പയുടെ കത്ത് സംഘടിപ്പിച്ചും, നയപരമായും കെണികളിൽപ്പെടാതെ വഴുതിമാറിക്കൊണ്ടും രണ്ടുപ്രാവശ്യം ഗോവയിലെ ജയിലിൽ നിന്നും ചാടിക്കൊണ്ടും 48 വർഷം കേരളത്തിൽ താമസിക്കുവാൻ സാധിച്ചത് ഒരു മഹൽയഞ്ജം തന്നെയായിയുന്നു.

8. ഇവരെ മൂവരെയും കേരളത്തിലെ സുറിയാനി സഭയുടെ മെത്രാപ്പോലീത്തന്മാരായി അംഗീകരിക്കുകയുണ്ടായില്ല. അന്നത്തെ പോർച്ചുഗീസുകാരാൽ ഞെരുക്കപ്പെട്ട അവസ്ഥയിലും തങ്ങളുടെ സ്വന്തം മെത്രാപ്പോലീത്തന്മാരുടെ വരവ് ദീർഘകാലത്തേയ്ക്ക് തടഞ്ഞു കിടന്നിരുന്നതിനാലും, പോർച്ചുഗീസുകാരോടുള്ള സുറിയാനിക്കാരുടെ എതിർപ്പിൽ തങ്ങളെപ്പോലെതന്നെ പീഡിക്കപ്പെട്ട ഇവരെ മൂവരെയും കേരളത്തിലെ സുറിയാനിസഭ സഹാനുഭൂതിയോടെ വീക്ഷിച്ചു. അവരിൽ നിന്നും പട്ടക്കാരുടെ പൗരോഹിത്യം മാത്രം സ്വീകരിക്കുവാൻ അവർ നിർബന്ധിതരായി. പക്ഷെ, തങ്ങളുടെമേൽ അധികാരി ആയിരിക്കുവാനോ

തങ്ങളുടെ പള്ളികളിൽ റാസകുർബാന അർപ്പിക്കുവാനോ സഭ അവരെ അനുവദിച്ചിരുന്നില്ല. മറ്റു കൂദാശകൾ (പള്ളികൾ, കുരിശുകൾ മുതലായവ വെഞ്ചരിക്കുവാൻ) ചെയ്യുവാൻ അവരെ അനുവദിച്ചുമിരുന്നു. മോർ അബ്രഹാം തീർച്ചയായും കത്തോലിക്കാ സഭയിൽ ചേർന്നുവെന്നതിനാൽ, അദ്ദേഹത്തെ സുറിയാനിക്കാർ പൂർണമായും വെടിയുകയും അദ്ദേഹം അങ്കമാലിയിൽ സ്വന്തമായി ഉണ്ടാക്കിയ പള്ളിയിൽ ജീവിച്ച് അവിടെ മരിച്ചു, അടക്കപ്പെടുകയും ചെയ്തു. ഏകദേശം നൂറു വർഷത്തിന് ശേഷം (1703 ൽ) വന്ന കല്ദായൻ മോർ സൈമൺ എന്ന മെത്രാപ്പോലീത്തായെ പോർച്ചുഗീസുകാർ പിടിച്ചു പോണ്ടിച്ചേരിയിൽ തടവിലാക്കുകയും അവിടെ അദ്ദേഹം മരിക്കുകയും ചെയ്തു.ഇപ്രകാരമിരിക്കെ നെസ്തോറിയൻ സഭയ്ക്കോ കൽദായ സഭയ്ക്കോ കേരള സുറിയാനി സഭമേൽ ഒരുകാലത്തും അധികാരമോ സ്വാധീനമോ ഉണ്ടായിട്ടില്ല എന്നതാണ് വസ്തുത (പുകുടിയിൽ ഇട്ടൂപ് റൈറ്ററുടെ പുസ്തകം 125 –128 പേജുകൾ കാണുക)

9. പറങ്കി ബന്ധത്തിൽ നിന്നും മോചിതരായവർ സുറിയാനി സഭയിലെ 90 % ആളുകളും അവരുടെ ദേവാലയങ്ങളും ആയിരുന്നു. ഇത് കൂനൻ കുരിശു ശപഥം എന്ന വലിയ കോളിളക്കം സൃഷ്ടിച്ചു. ചരിത്ര സംഭവത്തോടെയായിരുന്നു എന്ന് ചരിത്രകാരന്മാർ എല്ലാവരും സമ്മതിക്കുന്നു. ഈ സംഭവം നേതാക്കന്മാരില്ലാതെയല്ല നടത്തിയെടുത്തത്. നേരെ മറിച്ചു തങ്ങളുടെ അർക്കിദിയാക്കോനായ തോമ്മാ, കല്ലിശ്ശേരി ഇട്ടിത്തൊമ്മൻ കത്തനാർ എന്ന് തുടങ്ങി അനേകരുടെ നേത്രത്വത്തിൽ ആയിരുന്നു. തന്നെയുമല്ല, 1653 ജനുവരിയിൽ നടന്ന ഈ ശപഥത്തിന് ശേഷം അധികം താമസിയാതെ, മോർ ഇഗ്നാത്തിയോസ് അഹത്തുള്ള ബാവായുടെ കല്പനയിലെ നിർദേശപ്രകാരവും, അടിയന്തരാവസ്ഥ നില നിന്നിരുന്നതിനാൽ തന്നെയും 12 പട്ടക്കാർ ചേർന്ന് അർക്കിദിയാക്കോനെ തങ്ങളുടെ കൈകളും ബാവായുടെ കൽപ്പനയും തലയിൽ വച്ച് മാർത്തോമ്മാ ഒന്നാമൻ എന്ന പേരിൽ മെത്രാപ്പോലീത്തയായി സ്ഥാനാരോഹണം ചെയ്യുകയും ചെയ്തു

10. അതിനു ശേഷം 1665 ലും 1685 ലും അന്ത്യോക്ക്യായിൽ നിന്ന് അയക്കപ്പെട്ട പിതാക്കന്മാർ കേരളത്തിൽ വരികയും സുറിയാനി സഭയെ ഉറപ്പിക്കുകയും ചെയ്തു. വസ്തുതകൾ ഇപ്രകാരമെല്ലാമിരിക്കെ, **1705 ൽ വന്ന നെസ്തോറിയ മെത്രാൻ മാർ ഗബ്രിയേൽ സുറിയാനി സഭയെ**

**നയിക്കേണ്ട ആവശ്യകത ഇല്ലായിരുന്നു എന്നത് സ്പഷ്ടമാണ്,** അങ്ങനെ നയിക്കുകയും ചെയ്തില്ല.

11. തന്റെ മുൻഗാമികളെ പോലെ മാർ ഗബ്രിയേലും മാർപ്പാപ്പയുടെ കത്തുമായി വന്നത് കൊണ്ട് മാത്രം കേരളത്തിൽ കയറുവാൻ സാധിച്ചു. കർമ്മലീത്താക്കാരുടെയും ഈശോ സഭാക്കാരുടെയും പിടിയിലായിരുന്ന കേരളത്തിലെ പ്രധാന നഗരങ്ങളായ കൊച്ചി, കൊടുങ്ങല്ലൂർ, മുതലായവയിൽ പ്രവേശിക്കുവാൻ പോലും സാധിക്കാതെ കോട്ടയം, ചങ്ങനാശേരി, ഭാഗങ്ങളിൽ അദ്ദേഹം തങ്ങി. വന്ന ഘട്ടത്തിൽത്തന്നെ അദ്ദേഹത്തെ സന്ദർശിച്ച മത്തായി വെട്ടിക്കുന്നേൽ എന്ന സുറിയാനി കത്തനാർ അദ്ദേഹത്തെ വിലയിരുത്തിയ വാചകം ഇപ്പോഴും മലയാളത്തിൽ ഒരു പഴഞ്ചൊല്ലായിരിക്കുന്നു. "**അച്ചനും അല്ല കപ്പ്യാരുമല്ല, പക്ഷെ, തൽക്കാല ആവശ്യത്തിന് മതിയാകും**".

12. ഇപ്രകാരം വിലയിരുത്തുവാൻ ഉണ്ടായ കാരണങ്ങൾ ഇവയാണ്. അദ്ദേഹം റോമൻ മാർപ്പാപ്പയുടെ കത്ത് കാണിച്ചുകൊണ്ട് താൻ റോമൻ കാതോലിക്കാനാണെന്നു നടിച്ചു, ചങ്ങനാശേരിയിലെ സെന്റ്. മേരിസ് പള്ളിയിൽ സ്ഥിരതാമസമാക്കി. അവിടെ അദ്ദേഹം പുളിപ്പില്ലാത്ത അപ്പം കൊണ്ട് കുർബാനയണച്ചു. പിന്നെ, സുറിയാനി പള്ളികളിൽ സ്വീകരണം ലഭിക്കുകയും അവിടെ പുളിപ്പുള്ള അപ്പം കൊണ്ട് കുർബാന അർപ്പിക്കുകയും ചെയ്തു.

ഇതിനെല്ലാമുപരിയായി താൻ മാർ ഏലിയായാൽ അയയ്ക്കപ്പെട്ട ഒരു നെസ്തോറിയനാണെന്നു അദ്ദേഹം തുറന്നു പറയുകയും ചെയ്തു. സുറിയാനിക്കാരുടെ രീതിയിൽ അദ്ദേഹം നോമ്പ് നോറ്റു. ആർക്കും തന്റെ യാഥാർഥ്യം വെളിപ്പെടുത്താതെയും, എന്നാൽ എല്ലാവരെയും അൽപാൽപം പ്രീതിപ്പെടുത്തിയും അദ്ദേഹം വഴുതി വഴുതി, കർമ്മലീത്താക്കാരുടെയും ഈശോസഭക്കാരുടെയും കയ്യിൽ പിടികൊടുക്കാതെ 25 വർഷം മുഴുവനും തെക്കുംകൂർ രാജ്യത്തിൽ, മുഖ്യമായി കോട്ടയത്ത് ചെറിയപള്ളിയോടടുത്തുള്ള ഭവനത്തിൽ താമസിച്ചു അവിടെ മരിച്ചു അടക്കപ്പെടുകയും ചെയ്തു.

13. അന്ന് നാട് ഭരിച്ചു കൊണ്ടിരുന്ന ലന്തക്കാരുടെ (Dutch) പുരോഹിതൻ ജേക്കബ് കാന്റർ വിഷർ എന്ന ദേഹം സുറിയാനിക്കാരെ പറ്റി അറിയുവാനും അവരെ നേരിൽ കാണുവാനും ആഗ്രഹിച്ചു കോട്ടയത്ത് വന്നപ്പോൾ മാർ ഗബ്രിയേലിന്റെ ഭവനത്തിൽ വച്ച് അദ്ദേഹത്തെ സന്ദർശിക്കുകയും അവിടെവച്ച് തെക്കുംകൂർ രാജാവിനെ കണ്ടു പരിചയപ്പെടുകയും രാജാവ് പാതിരിക്ക് കൈത്തളകൾ സമ്മാനിക്കുകയും ചെയ്തു. ഇതിനു നയതന്ത്രപരമായ രാജാവിന്റെ ഒരു നടപടി എന്നതിലുപരിയായ പ്രാധാന്യം കൊടുക്കേണ്ടതില്ലതന്നെ. ലന്തക്കാരുടെ ആധിപത്യം തെക്കുംകൂർ രാജ്യം വരെ എത്തിയിരുന്നില്ലയെങ്കിലും യൂറോപ്യൻ മേധാവികളെ എല്ലാ നാട്ടുരാജ്യക്കാരും ഉത്സാഹത്തോടെ ആദരിച്ചിരുന്നു.

14. ഇപ്രകാരം ജനസമ്മതിയാർജിച്ചവനായ മാർ ഗബ്രിയേൽ മെത്രാപ്പോലീത്തായെ എന്തുകൊണ്ട് സുറിയാനി സഭ മുഴുവൻ അവരുടെ മെത്രാപ്പോലീത്തായായി കൈക്കൊണ്ടില്ല എന്ന ചോദ്യം അവസാനിക്കുന്നു. ഇതിന്റെ ഉത്തരം ലളിതമാണ്. കേരളത്തിലെ സുറിയാനി സഭയ്ക്ക് കാനോനികമായി വാഴിക്കപ്പെട്ട ഒരു മെത്രാനുണ്ടായിരുന്നു എന്നത് തന്നെ. അത് അന്ത്യോഖ്യായിൽ നിന്നും അയക്കപ്പെട്ടു 1685 ൽ വന്ന മാർ ഇവാനിയോസിനാൽ മേൽപ്പട്ട സ്ഥാനാരോഹിതനായ മാർത്തോമ്മാ നാലാമൻ ആയിരുന്നു. കർമ്മലീത്താക്കാരുമായി നടന്നുകൊണ്ടിരിക്കുന്ന തർക്കങ്ങളെയും വടംവലികളെയും, പള്ളികൾ കൈവശമാക്കുവാനുള്ള അവരുടെ പല തന്ത്രങ്ങളെയും ചെറുത്തുനിൽക്കുവാനുള്ള പ്രക്രിയയിൽ തനിക്ക് ഒരു സഹായിയെ കിട്ടുവാൻ മാർത്തോമ്മാ മെത്രാൻ കാത്തിരുന്ന കാലഘട്ടം ആയിരുന്നു അത്. മാർ ഗബ്രിയേലിന്റെ വരവിൽ പ്രത്യാശ ജനിച്ച മാർത്തോമ്മാ, ഇദ്ദേഹത്തിന്റെ നെസ്തോറിയവിശ്വാസ പ്രഖ്യാപനം കേട്ട് ഭഗ്നാശനായി എന്ന് അദ്ദേഹത്തിന്റെ കത്തുകളിൽ കാണുന്നു. സുറിയാനി സഭയുടെ കാഴ്ചപ്പാടിൽ ഇദ്ദേഹം മറ്റൊരു മെത്രാപ്പോലീത്തായുടെ അധികാരസീമയിൽ ഒരു നുഴഞ്ഞുകയറ്റക്കാരനും, കലക്കവെള്ളത്തിൽ മീൻ പിടിക്കുന്നവനെ പോലെ സങ്കീർണ സാഹചര്യങ്ങളിൽ തന്റെ നെസ്റ്റോറിയ സഭയ്ക്ക് ജനത്തെ കൂട്ടുവാൻ കരുതി ഇറങ്ങിയവനുമായിരുന്നു എന്ന് സുറിയാനിക്കാരുടെ ചരിത്രം രേഖപ്പെടുത്തുന്നു. തന്മൂലം ഈ രണ്ടു മെത്രാപ്പോലീത്തന്മാരും തമ്മിൽ ശത്രുതയും ആയിരുന്നു.

15. മേൽപരാമർശിച്ച സങ്കീർണ സാഹചര്യം ചുരുക്കത്തിൽ ഇപ്രകാരമായിരുന്നു. 1663 ൽ ലന്തക്കാർ കേരളം പിടിച്ചെടുത്തപ്പോൾ

സുറിയാനിക്കാരുടെ രക്ഷകരായി അവർ നിലകൊണ്ടു. കൊളോണിയലിസത്തിന്റെ ശത്രുത എന്നതിലുപരിതങ്ങൾ പ്രൊട്ടസ്റ്റന്റുകാരായിരുന്നതിനാൽ പോർച്ചുഗീസ് കത്തോലിക്കരോട് അവർ വൈരാഗ്യത്തോടെ പടവെട്ടി. യുദ്ധം ജയിച്ചപ്പോൾ സർവ പോർച്ചുഗീസുകാരെയും ഒന്നുകിൽ കൊല്ലുകയും അല്ലെങ്കിൽ ഗോവയിലേക്ക് നാട് കടത്തുകയും ചെയ്തു. പക്ഷെ, ലന്തക്കാരുടെ ഈ സാഹോദര്യപിന്തുണ സുറിയാനിക്കാർ അധികനാൾ അനുഭവിച്ചില്ല. കാരണം, യൂറോപ്പിലെ രാജകുടുംബങ്ങൾ തമ്മിലുള്ള ബന്ധം വഴി ലന്തക്കാരുടെമേൽ സമ്മർദ്ദം വരികയും അവർ കത്തോലിക്കാ മിഷനറി പുരോഹിതന്മാരെ, പ്രത്യേകിച്ചും കമ്മലീത്താക്കാരെ, തിരികെവരുവാൻ അനുവദിക്കുകയും ചെയ്തു. ഇപ്രകാരമാണ് മാർ സെബാസ്ത്യാനി മെത്രാപ്പോലീത്ത കേരളത്തിൽ തിരികെ വരുവാനും, രാജോചിതമായി സ്വീകരിക്കപ്പെടുവാനും ഇടയായത്. ഇതിനുശേഷം കമ്മലീത്താക്കാരുടെ ശക്തി ഒന്നിനൊന്ന് വർധിച്ചു വന്നു. അവർ ലന്തക്കാരുടെ പരോക്ഷമായ സമ്മതത്തോടു കൂടെ സുറിയാനിക്കാരെ ഞെരുക്കുവാനും പള്ളികൾ കയ്യേറുവാനും തുടങ്ങി. സുറിയാനിക്കാരായ മൂന്നു പിതാക്കന്മാർ - മോർ ഗ്രീഗോറിയോസ് അബ്ദുൽ ജലീൽ, മോർ ബസേലിയോസ് യൽദോ, മോർ ഇവാനിയോസ് ഹിദായത്തുള്ള എന്നിവർ കേരളത്തിൽ ജീവനോടെ ഇരുന്നിരുന്ന കാലഘട്ടങ്ങളിൽ മാത്രമാണ് ഇതിനു ഒരു ഇളവ് ഉണ്ടായിരുന്നത്. മോർ ഈവാനിയോസ് ബാവായുടെ 1692 ലെ മരണശേഷം അന്തരീക്ഷം വളരെ വിഷമയമായിരുന്നു. ഈ അന്തരീക്ഷത്തിലാണ് മാർ സൈമൺ എന്ന നെസ്തോറിയ (ചിലപ്പോൾ കൽദയനായിരിക്കാം) മെത്രാപ്പോലീത്ത 1703 ൽ വരുവാനും നിഷ്കരുണം അറസ്റ്റ് ചെയ്യപ്പെടുവാനും തുറങ്കിൽ അടയ്ക്കപ്പെട്ടു മരിക്കുവാനും ഇടയായത്.


16. ശേഷ കാലത്തെ സുറിയാനിക്കാരോടുള്ള നയം മാറ്റവും ലന്തക്കാരുടെ വിശ്വാസ വഞ്ചനയും ചതിവും സുറിയാനിക്കാർ പലപ്പോഴും അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. അതിലേയ്ക്ക് ഇപ്പോൾ കടക്കുന്നില്ല.

17. മാർ ഗബ്രിയേൽ 25 വർഷം കേരളത്തിൽ താമസിച്ച കാലത്ത് അദ്ദേഹത്തിന്റെ പ്രവർത്തികൾ എത്രമാത്രം പരിമിതമായിരുന്നു എന്നും കാണാം. അദ്ദേഹം കോട്ടയത്തിന് തെക്കോട്ടോ വടക്കോട്ടോ ഉള്ള പള്ളികളിൽ പോയതായി രേഖകളിലൊന്നുമില്ല. അദ്ദേഹം ആർക്കും പട്ടത്വം കൊടുത്തതായി രേഖകളില്ല. രണ്ടായി പിളർന്ന് സുറിയാനി - കത്തോലിക്കാ എന്നീ വ്യത്യസ്ത സഭകളായി കഴിഞ്ഞിരുന്ന സുറിയാനിക്കാരെ

ഐക്യപ്പെടുത്തി തന്റെ കീഴിൽ കൊണ്ടുവരുവാൻ അദ്ദേഹം കിണഞ്ഞു പരിശ്രമിച്ചു. രണ്ട് കൂട്ടരിൽ നിന്നും കുറേപ്പേരെ തന്റെ കീഴിൽ കൊണ്ടുവരികയും ചെയ്തു. പക്ഷെ അദ്ദേഹത്തിന്റെ തന്നെ ഉറപ്പില്ലാത്ത നിലപാട് മൂലം അദ്ദേഹത്തിന്റെ മരണശേഷം അത് നിലനിൽപ്പില്ലാതെ ഭിന്നിച്ചുപോയി.

സുറിയാനി സഭയുടെ ഒരു ഹൃസ്വചരിത്രം അദ്ദേഹം രചിച്ചുവെന്ന് പറയുന്നതിൽ ഒരു സത്യവുമില്ല തന്നെ. കാരണം ആ ചരിത്രത്തിന്റെ മലയാളത്തിലും സുറിയാനിയിലുമുള്ള ഭാഷ്യങ്ങളിൽ രണ്ടിലും ഇത് എഴുതിയത് മത്തായി വെട്ടിക്കുന്നേൽ എന്ന സുറിയാനി കത്തനാരാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

ഇദ്ദേഹം ചങ്ങനാശേരി പള്ളിയിൽ സ്ഥാനമേറ്റു എന്നുള്ളതും സുറിയാനിക്കാരുടെ കോട്ടയത്തെ ചെറിയപള്ളിയിൽ അവർ അവരോധിച്ചു എന്നുള്ളതും അതിശയോക്തി നിറഞ്ഞ പദപ്രയോഗങ്ങളാണ് എന്ന് പറയേണ്ടിയിരിക്കുന്നു. മേൽ പറഞ്ഞ വിധം കർമ്മലീത്താക്കാരാൽ ഞെരുക്കപ്പെട്ടു കഴിഞ്ഞിരുന്ന സുറിയാനിക്കാരും കത്തോലിക്കരും അവരവരുടെ പ്രത്യേക സാഹചര്യത്തിൽ ഇദ്ദേഹത്തെ അവരുടെ പള്ളിയിൽ കൊണ്ടുപോയി ഇരുത്തി എന്ന് പറയുന്നതാവും ഏറെ ശരി.



കോട്ടയം ചെറിയപള്ളിയിൽ നിന്നും

കണ്ടെത്തിയ എഴുത്തുപലക

18. മാർ ഗബ്രിയേൽ തീർച്ചയായും നയത്തോട് കൂടി പെരുമാറുവാൻ സമർത്ഥനും വ്യക്തിപരമായി പ്രാർത്ഥനാജീവിതം നയിച്ചവനുമായിരുന്നു എന്നതിന് തർക്കമില്ല. പക്ഷെ, അദ്ദേഹം സുറിയാനി സഭയുടെയോ കത്തോലിക്കാ സഭയുടെയോ മേല്പട്ടക്കാരനായി ഒരു ദിശയിലും അംഗീകരിക്കപ്പെടുകയുണ്ടായിട്ടില്ല. സ്വന്തം വിശ്വാസത്തിൽ നിർഭയം ഉറച്ചുനിൽക്കാതെ സമയത്തിനും സാഹചര്യത്തിനും ഒത്തുവഴങ്ങി വിപരീതവിശ്വാസങ്ങൾ ഒരേശ്വാസത്തിൽ ഏറ്റു പറഞ്ഞ അദ്ദേഹത്തെ മനുഷ്യസഹജമായ ബലഹീനതകളുള്ള ആളായി മാത്രം കണക്കാക്കാം.

19. മാർ ഗബ്രിയേൽ എന്ന വിഷയവുമായി ബന്ധിച്ച് മറ്റ് പല അബദ്ധങ്ങളും ചരിത്രത്തെ മാറ്റിയെഴുതുവാനുള്ള ശ്രമങ്ങളും ഈ ലേഖനത്തിൽ തുടർച്ചയായി കാണുന്നു. ഈ വിഷയങ്ങളെ കുറിപ്പുമാത്രമായി താഴെ കൊടുക്കുന്നു. ഇവയും മാർ ഗബ്രിയേലിന്റെ ചരിത്രം രചിക്കപ്പെട്ടിരിക്കുന്നത് പോലെത്തന്നെ അസത്യങ്ങളും അർദ്ധസത്യങ്ങളും ഊഹാപോഹങ്ങളും ചേർത്ത് കോർത്തിണക്കിയതായി കാണുന്നു. അസൗകര്യപ്രദമായ ചില ചരിത്രവസ്തുതകൾ പാടെ വിട്ടുകളഞ്ഞതായും കാണുന്നു.

1. നെസ്തോറിയസഭയുടെ കേരളസുറിയാനിക്കാരുടെ മേലുണ്ടായിരുന്ന സ്വാധീനം ഒരു മിഥ്യയാണ്. ഈ വിഷയത്തെ ഗഹനമായി പഠിച്ച ചരിത്രങ്ങൾ ഇതിനെ നിഷേധിക്കുന്നു.

2. അവർ സുറിയാനി സഭയുടെ ''പരമ്പരാഗതമായ വിശ്വാസങ്ങളിൽ കാര്യമായ അഴിച്ചുപണികൾ ഒന്നും നടത്തിയിട്ടില്ല'' എന്നുപറയുന്നത് തികച്ചും അർത്ഥശൂന്യമായ പ്രസ്താവനയാണ്. കാരണം, അതിനവർക്ക് ശക്തിയോ, സുറിയാനിക്കാർക്ക് അവരുടെ നെസ്തോറിയ പാഷാണ്ഡതയോട് മമതയോ ഇല്ലാതിരുന്നതിനാൽ തന്നെ.

3. കൂനൻ കുരിശ് ശപഥം എന്ന വലിയ ചരിത്ര സംഭവത്തെപ്പറ്റി വളരെ വികലമായ ധാരണയാണ് ഉള്ളതെന്ന് കാണുന്നു. ഇത് സുറിയാനിക്കാരുടെ ചരിത്രമല്ല.

4. 9–)ം നൂറ്റാണ്ടിൽ കേരളത്തിൽ വന്ന മാർ ശാബോർ – അഫ്രോത്ത് പിതാക്കന്മാരുടെ ചരിത്രവുമായി മാർ ഗബ്രിയേലിന്റെ ചരിത്രത്തെ ബന്ധിക്കുന്നതിലും അർത്ഥമില്ല. കാരണം, മാർ ശാബോർ – അഫ്രോത്ത്മാർ നെസ്റ്റോറിയർ അല്ലായിരുന്നു.

5. മണിഗ്രാമക്കാർ എന്ന സമുദായത്തിന്റെ ചരിത്രവുമായി മാർ ഗബ്രിയേലിന്റെ ചരിത്രം ബന്ധിപ്പിക്കുന്നതും പൂർണ്ണ അബദ്ധമാണ്.

ലേഖിക കേരളത്തിലെ സുറിയാനി സഭയുടെ

ചരിത്രത്തിൽ University of London ന്റെ കീഴിലുള്ള

'SOAS' അഥവാ School of Oriental and African Studies

എന്ന പ്രശസ്ത സ്ഥാപനത്തിൽ നിന്നും ഡോക്ടറേറ്റ്

നേടിയ വ്യക്തിയാണ്.

**Published by,**

## Hymonutho

www.hymonutho.org